**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 416** **28-01-2026-ൽ മറുപടിയ്ക്ക്**

## <u>സംസ്ഥാനത്തോടുള്ള കേന്ദ്രത്തിന്റെ സാമ്പത്തിക നിലപാട് തിരുത്താൻ നടപടി</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. പി. മോഹനൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കേന്ദ്രത്തിന് സംസ്ഥാനത്തോട് സാമ്പത്തിക കാര്യത്തിൽ നിഷേധാത്മക നിലപാട് ഉണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അത് തിരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേന്ദ്രസർക്കാരിന്റെ സമീപകാല നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ പ്രതികൂലമായി ബാധിച്ചു. 2022 ജൂണിൽ GST നഷ്ടപരിഹാരം നിർത്തലാക്കിയത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി, ഏകദേശം 12,000 കോടി രൂപയുടെ വാർഷിക നഷ്ടം കണക്കാക്കുന്നു. കേന്ദ്ര നികുതി വിഭജനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ ധനകാര്യ കമ്മിഷൻ കാലയളവിലും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മിഷൻ കാലയളവിലെ 3.875 ശതമാനത്തിൽ നിന്ന് സംസ്ഥാനത്തിന്റെ തിരശ്ചീന വിഭജനം ഡിവിസിബിൾ പൂളിന്റെ 1.925 ശതമാനമായി 15-ാം ധനകാര്യ കമ്മീഷൻ, കുറച്ചു. 11-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ ഇത് 3.057 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മിഷന്റെ സമയത്ത് 2.50 ശതമാനമായി കുറഞ്ഞു. മാത്രമല്ല, സംസ്ഥാനങ്ങളുമായി ആലോചിക്കാതെയും അവരുമായി പങ്കുവയ്ക്കാതെയും ഈടാക്കുന്ന സെസ്സുകളും സർചാർജ്ജുകളും കേന്ദ്രസർക്കാർ കൂടുതലായി ആശ്രയിക്കുന്നു. വിഭജിക്കാത്ത ലെവികളുടെ വിഹിതം വർദ്ധിക്കുന്നത് വിഭജിക്കാവുന്ന നികുതി പൂളിന്റെ തോത് ചുരുങ്ങുന്നതിനും ഇടയാക്കി, ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ പരിമിതമാക്കുകയും ചെയ്യുന്നു.

പൊതു കടം-ജിഡിപി അനുപാതം സംസ്ഥാനം സുസ്ഥിരമായി നിലനിർത്തുന്നതിനാൽ കടമെടുക്കൽ പരിധിയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി കുറയ്ക്കുന്നതിനുള്ള നീക്കം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെടുപ്പും പബ്ലിക് അക്കൗണ്ടിന്റെ ശേഖരണവും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിനുള്ളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ കുറച്ചു. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളുടെ ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾ, പൊതുമരാമത്ത് പണികൾക്കായുള്ള സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ സർപ്ലസ് സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറയ്ക്കുന്നതിനുള്ള ഒരു മാർഗമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. കേന്ദ്ര കൈമാറ്റങ്ങൾ

ക്രമേണ ചുരുക്കുന്നതും പൊതു വിപണിയിലെ കടമെടുപ്പ് വെട്ടിക്കുറച്ചതുമാണ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണങ്ങൾ.

15-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾക്കുള്ള കാലാവധി 2023-24ൽ അവസാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്. വർഷങ്ങളായി, 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. നിലവിൽ ഭൂരിഭാഗം പദ്ധതികളും ഇപ്പോൾ 'കോർ' വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, അവിടെ സംസ്ഥാനം ചെലവിന്റെ 40 ശതമാനം വഹിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സിംഗിൾ നോഡൽ അക്കൗണ്ടും (എസ്എൻഎ) സ്പർശും ആരംഭിച്ചത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. എസ്എൻഎ അക്കൗണ്ട് ചട്ടക്കൂടിന് കീഴിൽ, കേന്ദ്ര ഗവൺൺമെന്റിന്റെ റിലീസ് കഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര റിലീസും അനുബന്ധ സംസ്ഥാന വിഹിതവും ടാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പർശിന് കിഴിൽ, കേന്ദ്ര സർക്കാർ തുക മുൻകൂട്ടി റിലീസ് ചെയ്യില്ല. സ്പർശിന് കീഴിൽ, കേന്ദ്ര മന്ത്രാലയം റിലീസ് സാംഗ്ഷൻ മാത്രമാണ് പുറപ്പെടുവിക്കുന്നത്. തൽഫലമായി, പേയ്മെന്റ് ഫയലുകൾ എല്ലാം PFMS- മുഖേന മന്ത്രാലയം ക്ലിയർ ചെയ്യുന്നതിനാൽ, ഇത് പ്രവർത്തന കാലതാമസത്തിലേക്ക് നയിക്കുന്നു. മാത്രമല്ല ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലും ഈ റിലീസ് തുകകൾ കാലഹരണപ്പെടുന്നതിനാൽ, ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കാൻ കഴിയില്ല. ഇത് കൂടാതെ, കേന്ദ്രവിഷ്കൃത പദ്ധതികളിൽ ഉൾപ്പെട്ട കർശനമായ ബ്രാന്റിംഗ് മാനദണ്ഡങ്ങൾ സമയബന്ധിതമായി പാലിക്കാത്തതിനാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കും, മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക പലിശ രഹിത വായ്പ സഹായ പദ്ധതിക്കും (SASCI) ഫണ്ട് ലഭ്യമാകാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്. ദേശീയ പാത വികസനം പോലെ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളം ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും നിലവിലുള്ള പ്രദേശമായതിനാൽ, ഇത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, സുസ്ഥിര സാമ്പത്തിക വികസനം കൈവരിക്കുന്നതിനായി കേരളം നിരന്തരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് സുപ്രധാന ഘടകങ്ങൾ. തിരശ്ചീന വിഭജനത്തിന് ധനകാര്യ കമ്മീഷനുകൾ പരിഗണിക്കുന്ന വരുമാന അന്തരം, ജനസംഖ്യ, വിസ്തൃതി മുതലായ മാനദണ്ഡങ്ങൾക്ക് നൽകിയ ഉയർന്ന വെയിറ്റേജ് സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 3.88 ശതമാനമാണ് കേരളത്തിന് അർഹമായിരുന്നത്. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും പതിനാറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട് (2.382%).

സംസ്ഥാനത്തിന് അർഹമായ കടമെടുപ്പിനുള്ള അനുമതിയും കേന്ദ്ര വിഹിതങ്ങളും കേന്ദ്ര സർക്കാർ നിശ്ചയിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സമയബന്ധിതമായി നേടിയെടുക്കുന്നതിന്

വേണ്ടിയും മുഖ്യമന്ത്രി തലത്തിലും, ധനമന്ത്രിതലത്തിലും കത്തിടപാടുകളും, നിവേദനങ്ങളും സമർപ്പിച്ചുകൊണ്ട് ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു.

വികസന പ്രവർത്തങ്ങൾ, ക്ഷേമപദ്ധതികൾ, ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനുള്ള പണം, നികുതി അടക്കമുള്ള ആഭ്യന്തര വരുമാനം കൊണ്ട് മാത്രം കണ്ടെത്തുക അസാധ്യമാണ്. വിവിധ കേന്ദ്ര നടപടികൾ മൂലം മറ്റു മാർഗ്ഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന രീതിയിലുള്ള വിഭവ സമാഹരണം നടക്കാതെ വരുന്നത് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ആയത് കൊണ്ട് തന്നെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കുന്നതിന് സംസ്ഥാനം ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കിയും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**(ബി)** വിവിധ മേഖലകളിലേക്കുള്ള സാമ്പത്തിക വിഹിതം കേന്ദ്ര സർക്കാർ തടഞ്ഞു വെക്കുന്നുവെന്നു കരുതുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലെ പണമാണ് കേന്ദ്ര സർക്കാർ തടഞ്ഞുവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** കേന്ദ്രസർക്കാരിന്റെ സമീപകാല നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ പ്രതികൂലമായി ബാധിച്ചു. 2022 ജൂണിൽ GST നഷ്ടപരിഹാരം നിർത്തലാക്കിയത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി, ഏകദേശം 12,000 കോടി രൂപയുടെ വാർഷിക നഷ്ടം കണക്കാക്കുന്നു. കേന്ദ്ര നികുതി വിഭജനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ ധനകാര്യ കമ്മിഷൻ കാലയളവിലും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മിഷൻ കാലയളവിലെ 3.875 ശതമാനത്തിൽ നിന്ന് സംസ്ഥാനത്തിന്റെ തിരശ്ചീന വിഭജനം ഡിവിസിബിൾ പൂളിന്റെ 1.925 ശതമാനമായി 15-ാം ധനകാര്യ കമ്മീഷൻ, കുറച്ചു. 11-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ ഇത് 3.057 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മിഷന്റെ സമയത്ത് 2.50 ശതമാനമായി കുറഞ്ഞു. മാത്രമല്ല, സംസ്ഥാനങ്ങളുമായി ആലോചിക്കാതെയും അവരുമായി പങ്കുവയ്ക്കാതെയും ഈടാക്കുന്ന സെസ്സുകളും സർചാർജ്ജുകളും കേന്ദ്രസർക്കാർ കൂടുതലായി ആശ്രയിക്കുന്നു. വിഭജിക്കാത്ത ലെവികളുടെ വിഹിതം വർദ്ധിക്കുന്നത് വിഭജിക്കാവുന്ന നികുതി പൂളിന്റെ തോത് ചുരുങ്ങുന്നതിനും ഇടയാക്കി, ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ പരിമിതമാക്കുകയും ചെയ്യുന്നു.

പൊതു കടം-ജിഡിപി അനുപാതം സംസ്ഥാനം സുസ്ഥിരമായി നിലനിർത്തുന്നതിനാൽ കടമെടുക്കൽ പരിധിയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി കുറയ്ക്കുന്നതിനുള്ള നീക്കം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെടുപ്പും പബ്ലിക് അക്കൗണ്ടിന്റെ ശേഖരണവും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിനുള്ളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ കുറച്ചു. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളുടെ ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾ, പൊതുമരാമത്ത് പണികൾക്കായുള്ള സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ സർപ്ലസ് സംസ്ഥാനത്തിന്റെ വായ്പാ

പരിധി കുറയ്ക്കുന്നതിനുള്ള ഒരു മാർഗമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. കേന്ദ്ര കൈമാറ്റങ്ങൾ ക്രമേണ ചുരുക്കുന്നതും പൊതു വിപണിയിലെ കടമെടുപ്പ് വെട്ടിക്കുറച്ചതുമാണ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണങ്ങൾ.

15-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾക്കുള്ള കാലാവധി 2023-24ൽ അവസാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്. വർഷങ്ങളായി, 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. നിലവിൽ ഭൂരിഭാഗം പദ്ധതികളും ഇപ്പോൾ 'കോർ' വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, അവിടെ സംസ്ഥാനം ചെലവിന്റെ 40 ശതമാനം വഹിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സിംഗിൾ നോഡൽ അക്കൗണ്ടും (എസ്എൻഎ) സ്പർശും ആരംഭിച്ചത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. എസ്എൻഎ അക്കൗണ്ട് ചട്ടക്കൂടിന് കീഴിൽ, കേന്ദ്ര ഗവൺൺമെന്റിന്റെ റിലീസ് കഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര റിലീസും അനുബന്ധ സംസ്ഥാന വിഹിതവും ടാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പർശിന് കിഴിൽ, കേന്ദ്ര സർക്കാർ തുക മുൻകൂട്ടി റിലീസ് ചെയ്യില്ല. സ്പർശിന് കീഴിൽ, കേന്ദ്ര മന്ത്രാലയം റിലീസ് സാംഗ്ഷൻ മാത്രമാണ് പുറപ്പെടുവിക്കുന്നത്. തൽഫലമായി, പേയ്മെന്റ് ഫയലുകൾ എല്ലാം PFMS- മുഖേന മന്ത്രാലയം  ക്ലിയർ ചെയ്യുന്നതിനാൽ, ഇത് പ്രവർത്തന കാലതാമസത്തിലേക്ക് നയിക്കുന്നു. മാത്രമല്ല ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലും ഈ റിലീസ് തുകകൾ കാലഹരണപ്പെടുന്നതിനാൽ, ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കാൻ കഴിയില്ല. ഇത് കൂടാതെ, കേന്ദ്രവിഷ്കൃത പദ്ധതികളിൽ ഉൾപ്പെട്ട കർശനമായ ബ്രാന്റിംഗ് മാനദണ്ഡങ്ങൾ സമയബന്ധിതമായി പാലിക്കാത്തതിനാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കും, മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക പലിശ രഹിത വായ്പ സഹായ പദ്ധതിക്കും (SASCI) ഫണ്ട് ലഭ്യമാകാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.  ദേശീയ പാത വികസനം പോലെ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളം ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും നിലവിലുള്ള പ്രദേശമായതിനാൽ, ഇത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, സുസ്ഥിര സാമ്പത്തിക വികസനം കൈവരിക്കുന്നതിനായി കേരളം നിരന്തരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് സുപ്രധാന ഘടകങ്ങൾ. തിരശ്ചീന വിഭജനത്തിന് ധനകാര്യ കമ്മീഷനുകൾ പരിഗണിക്കുന്ന വരുമാന അന്തരം, ജനസംഖ്യ, വിസ്തൃതി മുതലായ മാനദണ്ഡങ്ങൾക്ക് നൽകിയ ഉയർന്ന വെയിറ്റേജ് സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.  പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 3.88 ശതമാനമാണ്  കേരളത്തിന് അർഹമായിരുന്നത്. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും പതിനാറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട് (2.382%).

സംസ്ഥാനത്തിന് അർഹമായ കടമെടുപ്പിനുള്ള അനുമതിയും  കേന്ദ്ര വിഹിതങ്ങളും കേന്ദ്ര സർക്കാർ നിശ്ചയിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സമയബന്ധിതമായി നേടിയെടുക്കുന്നതിന്

വേണ്ടിയും മുഖ്യമന്ത്രി തലത്തിലും, ധനമന്ത്രിതലത്തിലും കത്തിടപാടുകളും, നിവേദനങ്ങളും സമർപ്പിച്ചുകൊണ്ട് ക്രിയാത്മക നടപടികൾ സ്വീകരിച്ചു വരുന്നു.

വികസന പ്രവർത്തങ്ങൾ, ക്ഷേമപദ്ധതികൾ, ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനുള്ള പണം, നികുതി അടക്കമുള്ള ആഭ്യന്തര വരുമാനം കൊണ്ട് മാത്രം കണ്ടെത്തുക അസാധ്യമാണ്. വിവിധ കേന്ദ്ര നടപടികൾ മൂലം മറ്റു മാർഗ്ഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന രീതിയിലുള്ള വിഭവ സമാഹരണം നടക്കാതെ വരുന്നത് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ആയത് കൊണ്ട് തന്നെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കുന്നതിന് സംസ്ഥാനം ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കിയും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**(സി)** നികുതി വിഹിതത്തിലെ കുറവും കടമെടുപ്പിലെ വെട്ടിക്കുറവും എങ്ങനെയൊക്കെയാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയെ തകർക്കാൻ കാരണമാകുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** കേന്ദ്രസർക്കാരിന്റെ സമീപകാല നയങ്ങൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സുകളെ പ്രതികൂലമായി ബാധിച്ചു. 2022 ജൂണിൽ GST നഷ്ടപരിഹാരം നിർത്തലാക്കിയത് കേരളത്തിന്റെ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാക്കി, ഏകദേശം 12,000 കോടി രൂപയുടെ വാർഷിക നഷ്ടം കണക്കാക്കുന്നു. കേന്ദ്ര നികുതി വിഭജനത്തിൽ കേരളത്തിന്റെ വിഹിതം ഓരോ ധനകാര്യ കമ്മിഷൻ കാലയളവിലും ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മിഷൻ കാലയളവിലെ 3.875 ശതമാനത്തിൽ നിന്ന് സംസ്ഥാനത്തിന്റെ തിരശ്ചീന വിഭജനം ഡിവിസിബിൾ പൂളിന്റെ 1.925 ശതമാനമായി 15-ാം ധനകാര്യ കമ്മീഷൻ, കുറച്ചു. 11-ാം ധനകാര്യ കമ്മിഷന്റെ കാലയളവിൽ ഇത് 3.057 ശതമാനമായിരുന്നു. 14-ാം ധനകാര്യ കമ്മിഷന്റെ സമയത്ത് 2.50 ശതമാനമായി കുറഞ്ഞു. മാത്രമല്ല, സംസ്ഥാനങ്ങളുമായി ആലോചിക്കാതെയും അവരുമായി പങ്കുവയ്ക്കാതെയും ഈടാക്കുന്ന സെസ്സുകളും സർചാർജ്ജുകളും കേന്ദ്രസർക്കാർ കൂടുതലായി ആശ്രയിക്കുന്നു. വിഭജിക്കാത്ത ലെവികളുടെ വിഹിതം വർദ്ധിക്കുന്നത് വിഭജിക്കാവുന്ന നികുതി പൂളിന്റെ തോത് ചുരുങ്ങുന്നതിനും ഇടയാക്കി, ഇത് സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി കൂടുതൽ പരിമിതമാക്കുകയും ചെയ്യുന്നു.

പൊതു കടം-ജിഡിപി അനുപാതം സംസ്ഥാനം സുസ്ഥിരമായി നിലനിർത്തുന്നതിനാൽ കടമെടുക്കൽ പരിധിയിൽ കേന്ദ്ര സർക്കാരിന്റെ നിയന്ത്രണം അനാവശ്യമാണ്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി കുറയ്ക്കുന്നതിനുള്ള നീക്കം 2017 മുതൽ നിലവിലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള കടമെടുപ്പും പബ്ലിക് അക്കൗണ്ടിന്റെ ശേഖരണവും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള കടമെടുപ്പിനുള്ളിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ വായ്പാ പരിധി കേന്ദ്രസർക്കാർ കുറച്ചു. ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം, പൊതുജനങ്ങളുടെ ട്രഷറി സേവിംഗ്സ് നിക്ഷേപങ്ങൾ, പൊതുമരാമത്ത് പണികൾക്കായുള്ള സർക്കാർ വകുപ്പുകളിൽ നിന്നുള്ള സിവിൽ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടുന്ന പബ്ലിക് അക്കൗണ്ടിലെ സർപ്ലസ് സംസ്ഥാനത്തിന്റെ വായ്പാ പരിധി കുറയ്ക്കുന്നതിനുള്ള ഒരു മാർഗമായി കേന്ദ്ര സർക്കാർ കണക്കാക്കുന്നു. കേന്ദ്ര കൈമാറ്റങ്ങൾ

ക്രമേണ ചുരുക്കുന്നതും പൊതു വിപണിയിലെ കടമെടുപ്പ് വെട്ടിക്കുറച്ചതുമാണ് സംസ്ഥാനം നേരിടുന്ന സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണങ്ങൾ.

15-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത റവന്യൂ കമ്മി ഗ്രാന്റുകൾക്കുള്ള കാലാവധി 2023-24ൽ അവസാനിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര ഗവൺമെന്റ് അടുത്തിടെ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതകൾ ഉണ്ടാക്കിയിട്ടുണ്ട്. വർഷങ്ങളായി, 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം ക്രമാനുഗതമായി കുറഞ്ഞുവരികയാണ്. നിലവിൽ ഭൂരിഭാഗം പദ്ധതികളും ഇപ്പോൾ 'കോർ' വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ, അവിടെ സംസ്ഥാനം ചെലവിന്റെ 40 ശതമാനം വഹിക്കേണ്ടതുണ്ട്. ഇത് സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. സിംഗിൾ നോഡൽ അക്കൗണ്ടും (എസ്എൻഎ) സ്പർശ്രും ആരംഭിച്ചത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചു. എസ്എൻഎ അക്കൗണ്ട് ചട്ടക്കൂടിന് കീഴിൽ, കേന്ദ്ര ഗവൺൺമെന്റിന്റെ റിലീസ് കഴിഞ്ഞ് 21 ദിവസത്തിനുള്ളിൽ സംസ്ഥാന സർക്കാർ കേന്ദ്ര റിലീസും അനുബന്ധ സംസ്ഥാന വിഹിതവും ടാൻസ്ഫർ ചെയ്യേണ്ടതുണ്ട്. സ്പർശിന് കിഴിൽ, കേന്ദ്ര സർക്കാർ തുക മുൻകൂട്ടി റിലീസ് ചെയ്യില്ല. സ്പർശിന് കീഴിൽ, കേന്ദ്ര മന്ത്രാലയം റിലീസ് സാംഗ്ഷൻ മാത്രമാണ് പുറപ്പെടുവിക്കുന്നത്. തൽഫലമായി, പേയ്മെന്റ് ഫയലുകൾ എല്ലാം PFMS- മുഖേന മന്ത്രാലയം  ക്ലിയർ ചെയ്യുന്നതിനാൽ, ഇത് പ്രവർത്തന കാലതാമസത്തിലേക്ക് നയിക്കുന്നു. മാത്രമല്ല ഓരോ സാമ്പത്തിക വർഷത്തിന്റെ അവസാനത്തിലും ഈ റിലീസ് തുകകൾ കാലഹരണപ്പെടുന്നതിനാൽ, ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ വിനിയോഗിക്കാൻ കഴിയില്ല. ഇത് കൂടാതെ, കേന്ദ്രവിഷ്കൃത പദ്ധതികളിൽ ഉൾപ്പെട്ട കർശനമായ ബ്രാന്റിംഗ് മാനദണ്ഡങ്ങൾ സമയബന്ധിതമായി പാലിക്കാത്തതിനാൽ മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതികൾക്കും, മൂലധന നിക്ഷേപത്തിനുള്ള പ്രത്യേക പലിശ രഹിത വായ്പ സഹായ പദ്ധതിക്കും (SASCI) ഫണ്ട് ലഭ്യമാകാത്ത സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട്.  ദേശീയ പാത വികസനം പോലെ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ ഭൂമി ഏറ്റെടുക്കലിന്റെ 25 ശതമാനം സംസ്ഥാനത്തിന്റെ ഉത്തരവാദിത്തമാണ്. മറ്റ് പല സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി, കേരളം ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും നിലവിലുള്ള പ്രദേശമായതിനാൽ, ഇത് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട സാമ്പത്തിക ആവശ്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും, സുസ്ഥിര സാമ്പത്തിക വികസനം കൈവരിക്കുന്നതിനായി കേരളം നിരന്തരമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റും കേന്ദ്ര സർക്കാർ വിതരണം ചെയ്യുന്ന ഗ്രാന്റുമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് സുപ്രധാന ഘടകങ്ങൾ. തിരശ്ചീന വിഭജനത്തിന് ധനകാര്യ കമ്മീഷനുകൾ പരിഗണിക്കുന്ന വരുമാന അന്തരം, ജനസംഖ്യ, വിസ്തൃതി മുതലായ മാനദണ്ഡങ്ങൾക്ക് നൽകിയ ഉയർന്ന വെയിറ്റേജ് സംസ്ഥാനത്തിന്റെ താത്പര്യങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.  പത്താം ധനകാര്യ കമ്മിഷന്റെ കാലയളവിൽ വിഭജിക്കാവുന്ന കേന്ദ്ര നികുതിയുടെ അറ്റവിഹിതത്തിന്റെ 3.88 ശതമാനമാണ്  കേരളത്തിന് അർഹമായിരുന്നത്. നികുതി വിഭവങ്ങൾ തിരശ്ചീനമായി വിഭജിക്കാനുള്ള മാനദണ്ഡങ്ങളിൽ വന്ന മാറ്റങ്ങൾ നിമിത്തം കേരളത്തിന് ലഭിക്കേണ്ട അറ്റനികുതിയുടെ വിഹിതം പതിനഞ്ചാമത് ധനകാര്യ കമ്മീഷൻ കാലയളവിൽ 1.925 ശതമാനമായി കുറഞ്ഞു. എന്നിരുന്നാലും പതിനാറാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള സംസ്ഥാനത്തിന്റെ നികുതി വിഹിതത്തിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട് (2.382%).

സംസ്ഥാനത്തിന് അർഹമായ കടമെടുപ്പിനുള്ള അനുമതിയും  കേന്ദ്ര വിഹിതങ്ങളും കേന്ദ്ര സർക്കാർ നിശ്ചയിച്ച മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി സമയബന്ധിതമായി നേടിയെടുക്കുന്നതിന്

വേണ്ടിയും മുഖ്യമന്ത്രി തലത്തിലും, ധനമന്ത്രിതലത്തിലും കത്തിടപാടുകളും, നിവേദനങ്ങളും സമർപ്പിച്ചുകൊണ്ട് ക്രിയാത്മക നടപടികൾ സ്വീകരിച്ച് വരുന്നു.

വികസന പ്രവർത്തങ്ങൾ, ക്ഷേമപദ്ധതികൾ, ശമ്പളവും പെൻഷനും ഉൾപ്പെടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നേരിടുന്നതിനുള്ള പണം, നികുതി അടക്കമുള്ള ആഭ്യന്തര വരുമാനം കൊണ്ട് മാത്രം കണ്ടെത്തുക അസാധ്യമാണ്. വിവിധ കേന്ദ്ര നടപടികൾ മൂലം മറ്റു മാർഗ്ഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്ന രീതിയിലുള്ള വിഭവ സമാഹരണം നടക്കാതെ വരുന്നത് ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിച്ചിട്ടുണ്ട്. ആയത് കൊണ്ട് തന്നെ ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള വികസന പ്രവർത്തനങ്ങൾ അതിന്റെ പൂർണ്ണതയിൽ നിർവ്വഹിക്കുന്നതിന് സംസ്ഥാനം ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

ടി പണഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ആയതിന്റെ ഭാഗമായി ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കിയും ചെലവുകൾക്ക് മുൻഗണന നിശ്ചയിച്ചും മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തിയും ലഭ്യമായ സാമ്പത്തിക സ്രോതസ്സുകൾ ഫലപ്രദമായി വിനിയോഗിച്ചും വികസന പ്രവർത്തനങ്ങൾ മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കിയും സാമ്പത്തിക സുസ്ഥിരത കൈവരിക്കുവാനാണ് സർക്കാർ ശ്രമിച്ചുപോരുന്നത്.

**(ഡി)** ഇതിനെതിരെ ശക്തമായ പ്രക്ഷോഭവും സുപ്രീം കോടതി അടക്കമുള്ള നീതിന്യായ സംവിധാനങ്ങളെ സമീപിക്കുന്നതിനുള്ള നടപടികളും ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി **O.S 1/2024 State of Kerala vs Union of India** പ്രകാരം സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**